Page 1 of 2

(സി) അഭ്യസ്തവിദ്യരായ തൊഴിൽരഹിതരെ സഹായിക്കാനും തൊഴിലുൾപ്പെടെ ആനുകൂല്യങ്ങൾ ലഭ്യമാക്കാനുമായി ഈ സർക്കാർ നടപ്പിലാക്കിവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

റാങ്ക് ലിസ്റ്റിലെ ആദ്യ നിയമനം

47 (47) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നിയമനങ്ങളിൽ ഒരു റാങ്ക് ലിസ്റ്റിന്റെ ആദ്യത്തെ അഡ്വൈസ് വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് നൽകുന്ന തീരുമാനത്തിന് ആധാരമായ സംഗതികൾ വിശദമാക്കാമോ; എന്ന് മുതലാണ് ഈ തീരുമാനം പി.എസ്.സി. നടപ്പിലാക്കുന്നത്; ഇത് സംബന്ധിച്ച തീരുമാനം എപ്പോഴാണ് കൈക്കൊണ്ടതെന്ന് വ്യക്തമാക്കാമോ?

1995-ലെ PWD Act വകുപ്പ് 33 അനുസരിച്ച് സംസ്ഥാന സർക്കാരിന്റെ നിയമനങ്ങളിൽ 3% സംവരണം ഉറപ്പാക്കുന്നതിനായി 14-7-1998-ലെ GO(P) NO. 20/98/P&ARD, 19-5-2008 ലെ GO(P) No. 31/08/SWD എന്നീ ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. 19-7-2008-ലെ GO(P) No. 46/08/SWD ഉത്തരവ് പ്രകാരം റിസർവേഷൻ റോസ്റ്ററിൽ ഔട്ട് ഓഫ് ടേൺ ആയി 33,66,99 എന്നീ ടേണുകൾ നിശ്ചയിക്കുകയും ചെയ്തിരുന്നു. 6-5-2017-ലെ G.O.(P) No. 08/17/SWD സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത ഔട്ട് ഓഫ് ടേണുകൾ 1, 34, 67 എന്നായി മാറ്റിയതിനെ തുടർന്ന് 6-5-2017 മുതലുള്ള ഭിന്നശേഷി നിയമനങ്ങളിൽ 1, 34, 67 എന്നീ ഔട്ട് ഓഫ് ടേണുകളാണ് അനുവർത്തിച്ചുവരുന്നത്. ബഹു. സുപ്രീം കോടതിയുടെ SLP NO. 14889 of 2009 -ലെയും Civil Appeal No. 9096/2013-ലെയും വിധിന്യായത്തിന്റെയും വിവിധ കോടതി ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് മേൽ ഉത്തരവ് പുറപ്പെടുവിക്കപ്പെട്ടിട്ടുള്ളത്.

(ബി) ഇതുമൂലം റാങ്ക് ലിസ്റ്റിൽ ഒന്നാം റാങ്ക് ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്കുപോലും നിയമനം ലഭിക്കാത്ത സാഹചര്യം സംബന്ധിച്ച പരാതികൾ സർക്കാരിന്റെയും പി.എസ്.സി.യുടെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ പി.എസ്.സി.-യോ സർക്കാരോ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) ആകെ ഒഴിവുകളുടെ എണ്ണം ഒന്ന് മാത്രമുള്ള തസ്തികകളിൽ ആദ്യത്തെ അഡ്വൈസ് വികലാംഗർക്ക് എന്ന ഉത്തരവ് ബാധകമാണോ; പോലീസ് വകുപ്പിൽ ഫോറൻസിക് സയൻസ് ലാബിലെ സയന്റിഫിക് അസിസ്റ്റന്റ്

LIBRARY ARCHIVES Kerala Legislative Assembly

(പോളിഗ്രാഫ്) തസ്തികയുടെ കേഡർ സ്ട്രെങ്ത് പി.എസ്.സി.-യിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഏതെങ്കിലും വകുപ്പ് അവരുടെ ഏതെങ്കിലും തസ്തികയുടെ കേഡർ സ്ട്രെങ്ത് രണ്ടിൽനിന്നും ഒന്നായി കുറച്ചാലോ, ഒന്നിൽ നിന്നും രണ്ടായി ഉയർത്തിയാലോ ആ വിവരം പി.എസ്.സി.-യെ അറിയിക്കേണ്ടതുണ്ടോ; അങ്ങനെ അറിയിക്കാതിരുന്നാൽ പി.എസ്.സി. അഡ്വൈസിൽ വ്യത്യാസമുണ്ടാക്കുമോ; കേഡർ സ്ട്രെങ്തിൽ വകുപ്പുകൾ വ്യത്യാസം വരുത്തിയാൽ അതിന് സർക്കാരിന്റെ അംഗീകാരം നേടാതിരുന്നാൽ പി.എസ്.സി. അംഗീകരിക്കുമോ;

(ഇ) കേഡർ സ്ട്രെങ്ത് ഒന്ന് ഉള്ള തസ്തികകളിൽ അപേക്ഷ ക്ഷണിക്കുമ്പോൾ ആദ്യത്തെ അഡ്വൈസ് വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് ആയിരിക്കുമെന്ന് പി.എസ്.സി. വ്യക്തമാക്കാത്തത് എന്തുകൊണ്ടാണ്; ഇതിലൂടെ ഉദ്യോഗാർത്ഥികളുടെ എണ്ണം കുറയ്ക്കാനും സാമ്പത്തികം, സമയം മുതലായ റിക്രൂട്ട്മെന്റ് ചെലവ് കുറയ്ക്കാനും പി.എസ്.സി. നടപടി സ്വീകരിക്കുമോ?

(ബി-ഇ) നിലവിലുള്ള ഉത്തരവുകൾ അനുസരിച്ച് ആകെ ഒഴിവുകൾ ഒന്ന് മാത്രമുള്ള തസ്തികകളിലും ഭിന്നശേഷി സംവരണം പാലിക്കുന്നുണ്ട്. ഭിന്നശേഷിക്കാർക്കായി പ്രസ്തുത ടേണുകൾ നൽകുന്നതിനാൽ നിയമനം ലഭിക്കാത്തതുമായി ബന്ധപ്പെട്ട പരാതികൾ ലഭിച്ചിട്ടുണ്ട്. നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം തസ്തികകളുടെ കേഡർ സ്ട്രെങ്ത് പി.എസ്.സി.-യിൽ ലഭ്യമാക്കേണ്ടതില്ല.

ആശ്രിത നിയമനത്തിലെ കാലതാമസം

48 (48) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസിലിരിക്കെ മരണമടഞ്ഞവരുടെ ആശ്രിതർക്കുള്ള സമാശ്വാസ തൊഴിൽ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആശ്രിത നിയമനം സമയബന്ധിതമായി നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്?

(എ&ബി) സർക്കാർ സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് 24-5-1999-ലെ G.O.(P) No. 12/99/P&ARD ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ് ആശ്രിത നിയമനം അനുവദിക്കുന്നത്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 30 പ്രകാരം സർവ്വീസിലിരിക്കെ മരണപ്പെടുന്ന ജീവനക്കാരൻ ജോലി ചെയ്തിരുന്ന വകുപ്പിലെ ക്ലാസ് III, ക്ലാസ് IV തസ്തികകളിൽ

LIBRARY ARCHIVES Kerala Legislative Assembly